Malappuram District Police

# കാണാതെ പോവുന്ന മുതലുകളുടെ വിവരം മലപ്പുറം ജില്ലാ പോലീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു

*****************************

**മലപ്പുറം (15/01/2020)** : കളവുപോയ / നഷ്ടപ്പെട്ട മൊബൈൽ ഫോണുകൾ, വാഹനങ്ങൾ, ലാപ്ടോപ്പുകൾ തുടങ്ങിയവയുടെയും അവകാശികളില്ലാതെ കാണപ്പെടുന്ന ഇത്തരം സാധനങ്ങളുടെയും വിവരങ്ങൾ മലപ്പുറം ജില്ലാ പോലീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

പൊതുജനങ്ങൾക്ക് നേരിട്ട് **bnm.mpm.pol@kerala.gov.in** എന്ന ഇമെയിൽ ഐഡിയിലേക്ക് വിവരങ്ങൾ ഇമെയിൽ ചെയ്യാവുന്നതാണ്. ഇമെയിൽ ചെയ്യുമ്പോൾ; പരാതി സമർപ്പിച്ച പോലീസ് സ്റ്റേഷന്റെ പേര്, പരാതി നൽകിയതിന് ലഭിച്ച റസീപ്റ്റ് നമ്പർ, നഷ്ടപ്പെട്ടത് / അവകാശികളില്ലാതെ കാണപ്പെട്ടത് മൊബൈൽ ഫോണ് ആണെങ്കിൽ അതിന്റെ IMEI നമ്പറുകളും, വാഹനം ആണെങ്കിൽ രജിസ്റ്റർ നമ്പർ, ചേസിസ് നമ്പർ മുതലായവയും, ലാപ്ടോപ്പ് പോലോത്തവ ആണെങ്കിൽ കമ്പനി പേര്, സീരിയൽ നമ്പർ തുടങ്ങിയവയും ചേർത്താണ് ഇമെയിൽ ചെയ്യേണ്ടത്.

ഇങ്ങനെ ലഭിക്കുന്ന വിവരങ്ങളും പോലീസ് സ്റ്റേഷനിൽ നിന്നും ലഭിക്കുന്ന വിവരങ്ങളും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. മൊബൈൽ ഫോണുകൾ ആണെങ്കിൽ അതിന്റെ IMEI നമ്പറുകളും, വാഹനങ്ങൾ ആണെങ്കിൽ രജിസ്റ്റർ നമ്പർ, ചേസിസ് നമ്പർ മുതലായവയും, ലാപ്ടോപ്പ് ആണെങ്കിൽ കമ്പനി പേര്, സീരിയൽ നമ്പർ തുടങ്ങിയവയും ആണ് പ്രസിദ്ധീകരിക്കുക.

ഒരു സെക്കൻഡ് ഹാൻഡ് മൊബൈൽ ഫോൺ / വാഹനം / ലാപ്ടോപ്പ് പോലോത്തവ വിൽക്കപ്പെടുമ്പോഴും വാങ്ങുമ്പോഴും അല്ലെങ്കിൽ അവകാശികളില്ലാത്ത വിധത്തിൽ കാണപ്പെടുമ്പോഴും അത് ഇത്തരത്തിൽ നഷ്ടപ്പെട്ടതോ കളവ് പോയതോ ആണോയെന്ന് പരിശോധിക്കാനും അത് സംബന്ധിച്ച് പോലീസിന് വിവരം നൽകാനും ആളുകൾക്ക് കഴിയും എന്നതാണ് ഇതുകൊണ്ട് ലക്ഷ്യം വെക്കുന്നത്. നിലവിൽ ഇങ്ങനെയൊരു സൌകര്യം ഇല്ലാത്തിനാൽ പലരും അബദ്ധങ്ങളിൽ പെടാറുണ്ട്.

**malappurampolice.gov.in → Public Information → Lost Properties / Unclaimed Properties** എന്ന ലിങ്കിൽ പൊതുജനങ്ങൾക്ക് ഈ വിവരങ്ങൾ ലഭ്യമാക്കുന്നതാണ്.